(ഡി) അപേക്ഷകൻ റീസർവ്വെ കാലത്തെ ഉടമസ്ഥൻ അല്ലാത്തതുകൊണ്ടും വസ്തുവിന്റെ ആധാരം അതിനു ശേഷം നടന്നതായതുകൊണ്ടും അപേക്ഷ നിരസിക്കപ്പെട്ടു.

തുടർന്ന് റീസർവ്വെകാലത്തെ ഉടമസ്ഥനായ മുൻ ആധാരക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വെ സൂപ്രണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുകയും കുളത്തൂർ വില്ലേജിൽ പട്ടയ വസ്തുവായി ചേർക്കാതിരുന്ന അപേക്ഷകന്റെ വസ്തു, അപ്രകാരം ഉൾപ്പെടുത്തിക്കൊണ്ട് റിക്കാർഡുകളിലെ തെറ്റ് തിരുത്തി അപേക്ഷകന്റെ പരാതി പരിഹരിച്ചു കൊടുക്കുകയും ചെയ്തു.

(ഇ) നിയമ പ്രകാരം അവകാശപ്പെട്ടതിൽ കൂടുതൽ ഭൂമി ലഭ്യമായിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

ഉപ്പളയിൽ എ. കെ. ജി. മന്ദിരനിർമ്മാണത്തിനായി ഭൂമി

36 [2925] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മംഗൽപാടി വില്ലേജിലെ ഉപ്പളയിൽ എ.കെ.ജി. മന്ദിര നിർമ്മാണത്തിനായി ഭൂമി പതിച്ചു ലഭിക്കുന്നതിനായി സി.പി.ഐ. (എം) മംഗൽപാടി ലോക്കൽ കമ്മിറ്റി അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ ഏത് വർഷമാണ് അപേക്ഷിച്ചതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ ഇതേവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ; ഈ അപേക്ഷയിലെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ഇതേ സ്ഥലം ഒരു സ്വകാര്യവ്യക്തി പെട്രോൾ പമ്പ് നടത്തുന്നതിന് ലീസിന് ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തു നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത അപേക്ഷ ഏത് വർഷമാണ് ലഭിച്ചത്;

(ഡി) 1988-നു ശേഷം കാസർഗോഡ് താലൂക്കിൽ കെട്ടിട നിർമ്മാണത്തിനോ മറ്റാവശ്യങ്ങൾക്കോ ആയി രാഷ്ട്രീയ പാർട്ടികൾക്കും സാമൂഹ്യ-സാംസ്കാരിക സന്നദ്ധ സംഘടനകൾക്കും ഭൂമി പതിച്ചു നൽകിയിട്ടുണ്ടെങ്കിൽ ഏതൊക്കെ സംഘടനകൾക്ക് എത്ര ഭൂമി വീതം ഏത് നിരക്കിൽ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കാസർഗോഡ് ജില്ലയിൽ മംഗൽപാടി വില്ലേജിൽ റീ സർവേ നം. 185/1ഡി-യിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട 15 സെന്റ് സ്ഥലം പതിച്ചു കിട്ടുന്നതിലേക്കായി സി.പി.ഐ. (എം) മംഗൽപാടി ലോക്കൽ കമ്മിറ്റി 10-11-1997-ൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സ്ഥലം ടി ലോക്കൽ കമ്മിറ്റിക്ക് പതിച്ചു നൽകുന്നതിൽ മംഗൽപാടി ഗ്രാമപഞ്ചായത്ത് വിയോജിച്ചതിനാലും 1994-ലെ കേരള പഞ്ചായത്തു രാജ് നിയമപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട ഭൂമി പതിച്ചു നൽകുവാൻ നിയമം അനുവദിക്കാത്തതിനാലും പ്രസ്തുത ഭൂമി ടി ലോക്കൽ കമ്മിറ്റിയുടെ പേരിൽ പതിച്ചു നൽകിയിട്ടില്ല. പഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട ഭൂമി പതിച്ചു നൽകണമെങ്കിൽ പ്രസ്തുത ഭൂമിയിൻമേലുള്ള പഞ്ചായത്തിന്റെ അധികാരം വിട്ടൊഴിഞ്ഞുകൊണ്ടുള്ള വിജ്ഞാപനങ്ങൾ സർക്കാരിലെ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട സ്ഥലങ്ങളുടെ അധികാരം വിട്ടൊഴിഞ്ഞുകൊണ്ടുള്ള പൊതു ഉത്തരവുകളൊന്നും തന്നെ റവന്യൂ വകുപ്പിന് ലഭിച്ചിട്ടില്ല. പ്രസ്തുത ഉത്തരവുകൾ റവന്യൂ വകുപ്പിന് ലഭിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽപ്പെട്ട ഭൂമികൾ അപേക്ഷകർക്ക് പതിച്ചു നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർവാഹമുള്ളൂ.

(സി) ഉണ്ട്. ആയൂർ ജമായത്ത് ഇസ്ലാമിയ സംഘം പ്രസിഡന്റ് ശ്രീ. മൊയ്തീൻ ഹാജി 23-2-2005-ൽ പെട്രോൾ ബങ്ക് സ്ഥാപിക്കുന്നതിനുവേണ്ടി 50 വർഷത്തേക്ക് പാട്ടത്തിനു ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്നു. പ്രസ്തുത അപേക്ഷ തീർപ്പുകൽപ്പിച്ചിട്ടില്ല.

(ഡി) 1988-ന് ശേഷം കാസർഗോഡ് താലൂക്കിൽ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സ്ഥാപനങ്ങൾക്കായി 7 കേസുകളിലായി 9.91 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

അനുബന്ധം

ഫയൽ നം.	സംഘടന	നൽകിയ ഭൂമി	വില	തീയതി
(1)	(2)	(3)	(4)	(5)
(1) 1/95/മധൂർ	ഇന്റർനാഷണൽ ഓഫ് ഡിസേബിൾഡ്, കാസർഗോഡ്	61 സെന്റ്	49,000	4-12-2001
(2) ഐ.എ. 86/00/ മംഗൽപാടി	പ്രസിഡന്റ്, ഡോ. ബി. ആർ. അംബേദ്ക്കർ ഗ്രാമവികസന കലാവേദി, മംഗൽപാടി	6 സെന്റ്	23,600	18-6-2002

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
(3) ഐ. എ. 3/91/ ചെങ്കള	പ്രസിഡന്റ്, ഷൈഡ്രോസ് ജമായത്ത് കമ്മിറ്റി	2 ഏക്കർ 65 സെന്റ്	7,96,353	27-8-2002
(4) ഐ.എ. 15/85/ കുമ്പടാജെ	പ്രസിഡന്റ്, പുത്രോസ് കലാ മുസ്ലീം ബറിയൽ ഗ്രൗണ്ട് പ്രൊട്ടക്ഷൻ കമ്മിറ്റി	49 സെന്റ്	25,605	29-8-2002
(5) എൽ 4-5969/02/ഉപ്പള	പ്രസിഡന്റ് ഗൂഡ്ഡെ മസ്ജിദ് കമ്മിറ്റി, ഉപ്പള	1 ഏക്കർ 10 സെന്റ്	3,32,091	5-10-2002
(6) ഐ.എ.16/86/ കാസർഗോഡ്	പ്രസിഡന്റ്, 5-ാം വാർഡ് വികസന സമിതി, ബദിയടുക്ക, കാസർഗോഡ്	1 ഏക്കർ 82 സെന്റ്	4,58,385	8/2004
(7) ഐ.എ. 26/92/ ഇച്ചിലങ്കോട്	പ്രസിഡന്റ്, ഇച്ചിലങ്കോട് ജുമാമസ്ജിദ് കമ്മിറ്റി.	3 ഏക്കർ 18 സെന്റ്	8,59,920	11/2004

മലയോര മേഖലയിൽ ജോയിന്റ് വെരിഫിക്കേഷൻ

37 [2926] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴക്കൻ മലയോര മേഖലയിൽ ജോയിന്റ് വെരിഫിക്കേഷൻ എന്നാണ് നടത്തിയത്;

(ബി) ഇതിനെ തുടർന്ന് കൈവശ കൃഷിക്കാർക്ക് പട്ടയം നൽകുവാൻ ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) മലയോര മേഖലയിൽ ഉൾപ്പെട്ടുവരുന്ന കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ 1-1-1977-ന് മുമ്പുള്ള വനഭൂമി കൈയേറ്റം ക്രമീകരിക്കൽ 1993-ലെ പ്രത്യേക ചട്ടങ്ങൾ പ്രകാരം ഇപ്പോൾ പട്ടയം നൽകി വരുന്ന 28588.159 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന 1982-85 കാലഘട്ടങ്ങളിലാണ് നടന്നിട്ടുള്ളത്. ടി ജില്ലകൾ ഉൾപ്പെടെയുള്ള എല്ലാ മലയോര മേഖലകളിലും വനഭൂമിയുടെ സംയുക്ത പരിശോധന 31-8-1989-ലെ ജി.ഒ.(എംഎസ്.) നം. 655/89/ആർ.ഡി. ഉത്തരവു പ്രകാരം 1989 മുതലുള്ള വിവിധ കാലഘട്ടങ്ങളിലാണ് സംയുക്ത പരിശോധന നടത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly